# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **2438** 17.08.2017 -ലെ മറുപടി

## ഡാമുകളിൽ നിന്നും എക്കലും ചെളിയും നീക്കം ചെയ്യുന്നതിന് നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീമതി പി.അയിഷാ പോറ്റി | | മാത്യു.ടി തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ഡാമുകളിൽ നിന്നും എക്കലും ചെളിയും വാരി മാറ്റുന്നതിനുള്ള നടപടി പുനരാരംഭിക്കുന്നതിനുള്ള തീരുമാനം എടുത്തിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ അണക്കെട്ടുകളിൽ അടിഞ്ഞുകൂടിയ മണലും കളിമണ്ണും നീക്കം ചെയ്ത് സംഭരണ ശേഷി പൂർവ ക്രമത്തിൽ ആക്കുന്നതിനായി പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) മുൻകാലത്ത് ഇതിനായി സ്വീകരിച്ച നടപടികൾ വിജയകരമായിരുന്നോ; വിശദാംശങ്ങൾ നൽകുമോ;<br>(സി) പ്രസ്തുത പ്രവൃത്തിയ്ക്ക് ശാസ്ത്രീയമായ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ? | (ബി) യും (സി) യും | പരീക്ഷണാടിസ്ഥാനത്തിൽ മുമ്പ് നടത്തിയ മണൽ വാരലിലെ പോരായ്മകൾ പരിഹരിച്ച് ആധുനിക സാങ്കേതിക വിദ്യ ഉൾപ്പെടുത്തിയിട്ടുള്ള സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡിയർ (SOP) പരിശോധിച്ച് വരുന്നു. ഇതിൽ റിസർവോയറിൽ അടിഞ്ഞു കൂടിയ സെഡിമെന്റ് (Sediment) അളക്കുന്നതു മുതൽ, വേർതിരിച്ച് ഡിസ്പോസ് ചെയ്യുന്നതു വരെയുള്ള എല്ലാ ഘട്ടങ്ങളെക്കുറിച്ചും പ്രതിപാദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ